(സി) ആശ്വാസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംഘം/ബാങ്ക് തലത്തിലും ഉദ്യോഗസ്ഥൻ ഉൾപ്പെടെയുള്ള കമ്മിറ്റികൾ രൂപീകരിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ ഭാഗമായി സംഘം/ബാങ്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല നോഡൽ ആഫീസറായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ പ്രാധാന്യം സഹകാരികൾക്കിടയിൽ എത്തിക്കുന്നതിനുവേണ്ടിയും വിജയകരമായ നടത്തിപ്പിനുമായി പരമാവധി പ്രചരണങ്ങൾ നൽകി വരുന്നുണ്ട്.

കൺസ്യൂമർഫെഡ്

6 (*36) ശ്രീ. ആർ. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് മുഖേന പൊതുവിപണിയേക്കാൾ 20% വില കുറച്ച് സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുമെന്ന പ്രഖ്യാപനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഉത്സവ സീസണുകളിലടക്കം സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് കൺസ്യൂമർഫെഡിനെ സജ്ജമാക്കാൻ സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കൺസ്യൂമർഫെഡ് പോലുള്ള സഹകരണ സ്ഥാപനങ്ങൾ മുൻകാലങ്ങളിൽ സജീവമായത് പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് എത്രത്തോളം സഹായകരമായിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതകളും തടയുന്നതിൽ നിസ്സംഗത കാണിച്ചതാണ് കൺസ്യൂമർ ഫെഡിന്റെ തകർച്ചയ്ക്ക് കാരണമായതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) കൺസ്യൂമർഫെഡ് മുഖേന പൊതുവിപണിയേക്കാൾ 20 ശതമാനം വില കുറച്ച് സാധനങ്ങൾ സബ്സിഡി നിരക്കിൽ കൺസ്യൂമർഫെഡറേഷന്റെ നന്മ സ്റ്റോറുകളിലൂടെ വിതരണം ചെയ്തു വന്നിരുന്ന പദ്ധതി നിലവിലെ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഇപ്പോൾ ഫെഡറേഷൻ നിർത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്നിരുന്നാലും പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് ഉണഭോക്താക്കൾക്ക് കൺസ്യൂമർ ഫെഡറേഷൻ മുഖേന സാധനങ്ങൾ വിതരണം ചെയ്യുന്നത്. എന്നാൽ വിലക്കയറ്റത്തിന് ഏറെ സാധ്യതയുള്ള ഉത്സവ സീസണുകളിൽ പൊതുവിപണിയേക്കാൾ വില കുറച്ച് സപ്ലൈകോ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുവരുന്നു.

(ബി) ഉത്സവ സീസണുകളിൽ കൺസ്യൂമർ ഫെഡറേഷന്റെ കീഴിലുള്ള നന്മ സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ, സഹകരണ സംഘങ്ങളുടെ കീഴിലുള്ള നീതി സ്റ്റോറുകൾ എന്നിവ മുഖേന പൊതുവിപണി വിലയേക്കാൾ വില കുറച്ച് സപ്ലൈകോ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ വിപണനം നടത്തുന്നതിന് കൺസ്യൂമർ ഫെഡറേഷനെ സജ്ജമാക്കാൻ സാദ്ധ്യമായിട്ടുണ്ട്.

(സി) ഉണ്ട്. നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ഉപഭോക്താക്കൾക്ക് നൽകുന്നതിന്, പ്രത്യേകിച്ച് ഉത്സവകാലങ്ങളിൽ വിലക്കയറ്റം വളരെയധികം രൂക്ഷമാകുന്ന കാലങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ 10 ശതമാനം മുതൽ 20 ശതമാനം വരെ വില കുറച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണമേഖലയുടെ കൂട്ടായ്മയിലൂടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.

(ഡി) ഇത്തരത്തിലുള്ള ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇ-പ്രൊക്യൂർമെന്റ് സംവിധാനം

7 (*37) ശ്രീ. പി. എ. മാധവൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ഇ-പ്രൊക്യൂർമെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly